## 507

ജീവന്റെ ഉറവിടം ക്രിസ്തുവത്രേ
നാവിനാൽ അവനെ നാം ഘോഷിക്കാം
അവനത്രേ എൻപാപഹരൻ തൻ ജീവനാൽ എന്നെയും വീടെുത്തു

1 താഴ്ചയിൽ എനിക്കവൻ തണലേകി
താങ്ങിയെന്നെ വീഴ്ചയിൽ വഴി നടത്തി
തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗസന്തോഷത്താൽ

2 കരകാണാതാഴിയിൽ വലയുവോരേ
കരുണയെ കാംക്ഷിക്കും മൃതപ്രായരേ
വരികവൻ ചാരത്തു ബന്ധിതരേ തരുമവൻ കൃപ മനഃശാന്തിയതും

3 നമുക്കു മുൻചൊന്നതാം വിശുദ്ധന്മാരാൽ അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ-